# കാലാവസ്ഥാ മുന്നറിയിപ്പും കാർഷിക നിർദ്ദേശങ്ങളും

(പ്രാബല്യം: :26.01.2024 മുതൽ 30.01.2024വരെ)

# കോഴിക്കോട്ജില്ല

കേരള കാർഷിക സർവ്വകലാശാല പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം പിലിക്കോട്-ഉം ഇന്ത്യ കാലാവസ്ഥാ വകുപ്പും സംയുക്തമായി പുറത്തിറക്കുന്നത്

| ബുള്ളറ്റിൻനമ്പർ: പിലിക്കോട്/കെ.കെ.ഡി.-08/2024 | തീയ്യതി: 25/01/2024 |
|---|---|

## എ.പിന്നിട്ട നാല് ദിവസത്തെ കാലാവസ്ഥ

| മഴ, മി.മീ | കൂടിയ താപനില, °C | കുറഞ്ഞ താപനില, °C | ആപേക്ഷിക ആർദ്രത, % | കാറ്റിന്റെ വേഗത, കി.മീ/മണിക്കൂർ |
|---|---|---|---|---|
| 0.0 | 34.5 – 35.9 | 24.0 – 25.7 | 51 – 84 | 00 - 06 |

## ബി.വരുന്നഅഞ്ച്ദിവസങ്ങളിലേക്കുള്ളകാലാവസ്ഥാ മുന്നറിയിപ്പ്

| സൂചിക | 26-01-2024 | 27-01-2024 | 28-01-2024 | 29-01-2024 | 30-01-2024 |
|---|---|---|---|---|---|
| മഴ, മി.മീ | 0 | 0 | 0 | 0 | 0 |
| കൂടിയതാപനില, °C | 36 | 36 | 36 | 35 | 35 |
| കുറഞ്ഞതാപനില, °C | 25 | 25 | 26 | 25 | 25 |
| കൂടിയആപേക്ഷികആർദ്രത, % | 80 | 80 | 80 | 80 | 80 |
| കുറഞ്ഞആപേക്ഷികആർദ്രത, % | 51 | 51 | 51 | 51 | 51 |
| കാറ്റിന്റെവേഗത, കി.മീ/മണിക്കൂർ | 4 | 2 | 3 | 6 | 3 |
| കാറ്റിന്റെദിശ, ഡിഗ്രി | 270 | 290 | 270 | 320 | 290 |
| മേഘവിന്യാസം, ഒക്ടാ | 3 | 2 | 1 | 1 | 1 |

## സി. കാർഷിക നിർദ്ദേശങ്ങൾ

| വിള | ഘട്ടം | പ്രശ്നങ്ങൾ | കാർഷികനിർദ്ദേശങ്ങൾ |
|---|---|---|---|
| **പൊതുനിർദ്ദേശങ്ങൾ** | **മഴയില്ല **** | | |
| | മഴയില്ല. ഉയർന്ന അന്തരീക്ഷ ആർദ്രത അനുഭവപ്പെടും. പകൽസമയങ്ങളിൽ കൂടിയ ഊഷ്മാവും രാത്രികളിൽ കുറഞ്ഞ താപ നിലിയും അനുഭവപ്പെടും. അതിനാൽ പകൽ താപനിലയും രാത്രി താപനിലയും തമ്മിൽ വ്യത്യാസമുണ്ടാകും. | | |

| | | | |
|---|---|---|---|
| **പൊതുനിർദ്ദേശങ്ങൾ** | വിളയുടെ തടങ്ങളിൽ പുതയിടുക.<br>വൈകുന്നേരമോ അതിരാവിലെയോ വിളകൾ നനയ്ക്കുക. കണികജലസേചനം സ്വീകരിച്ചാൽ ജലനഷ്ടം കുറക്കാൻ സാധിക്കും | | |
| പച്ചക്കറികൾ | പലയിടങ്ങളായി വിവിധ ഘട്ടങ്ങൾ (വിത്തിടൽ മുതൽ പുഷ്പിക്കൽ വരെ) | മണ്ണിൽ, സെന്റ് ഒന്നിന് നാല് കിലോ വീതം കുമ്മായം വിതറുക. കൂടാതെ ട്രൈക്കോഡെർമ സമ്പുഷ്ടമാക്കിയ ചാണകമോ കമ്പോസ്റ്റോ ഉപയോഗിക്കുക. ഇവ വാട്ട രോഗങ്ങളെ ചെറുക്കുന്നതിന് സഹായിക്കും.<br><br>പറിച്ചു നടുന്നതിനു തൊട്ടു മുന്നേ വേര് പ്സ്യൂഡോമോണാസ് ലായനി (20മില്ലി. പ്സ്യൂഡോമോണാസ് ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ)-ൽ അര മണിക്കൂർ മുക്കി വെക്കുക. നേരിട്ട് വിത്ത് നട്ടതാണെങ്കിൽ തൈകൾക്ക് ലായനി ഇലകളിൽ തളിക്കുക. ഇത് തൈകൾ കരുത്തോടെ വളരുന്നതിന് സഹായകമാകും.<br>വിളയുടെ തടങ്ങളിൽ പുതയിടുക. വൈകുന്നേരമോ അതിരാവിലെയോ വിളകൾ നനയ്ക്കുക. കണികജലസേചനം സ്വീകരിച്ചാൽ ജലനഷ്ടം കുറക്കാൻ സാധിക്കും.<br>മുൻ കരുതലായി , പ്രത്യേകിച്ചും ജൈവ കൃഷി ചെയ്യുന്നയിടങ്ങളിൽ, രണ്ടാഴ്ചയിൽ ഒരിക്കൽ വേപ്പധിഷ്ഠിത കീടനാശിനി 2g ഒരുലിറ്റർ വെള്ളത്തിൽ എന്ന തോതിൽ കലർത്തി തയ്യാറാക്കി ഇലകളിലും തണ്ടിലും തളിക്കുക.<br><br>പുഷ്പിക്കുന്ന ഘട്ടമായാൽ 5000ppm ബോറോൺ മിശ്രിതം (സൊല്യൂബോർ 5g ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ) തളിക്കുക. | |
| നെല്ല് | പാകമാകുന്ന ഘട്ടം | അരിമണിയിൽ പാൽ നിറയുന്ന ഘട്ടമെത്തിയിട്ടുള്ള പ്രദേശത്തെ പാടങ്ങളിലെ വെള്ളം പൂർണമായും വാർത്തുകളയുക. | |
| നെല്ല് | മണികളിൽ പാൽ നിറയുന്ന ഘട്ടം | ചാഴി<br> | അസാഡിറാക്റ്റിൻ-3000ppm മില്ലി ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ തയ്യാറാക്കിയ ലായനിയിൽ ഒന്നോ രണ്ടോ മില്ലി മാലത്തിയോൺ 50ECചേർത്ത് തളിക്കുക. വൈകുന്നേരം സൂര്യാസ്തമനത്തിനു ശേഷം തളിക്കുന്നതാണ് ഉചിതം. |
| തെങ്ങ് | വിവിധ ഘട്ടം | ചെന്നീരൊലിപ്പ്<br> | തെങ്ങിൽ വിളഞ്ഞതും മൂപ്പെത്താറായതുമായ തേങ്ങകൾ ഉണ്ടെങ്കിൽ പറിച്ചെടുക്കുക.<br><br>രോഗം വന്ന ഭാഗം ചെത്തി വൃത്തിയാക്കി മുറിവിൽ ഹെക്സകോണോസോൾ മൂന്നു മില്ലി ഒരു ലിറ്റർ വെള്ളത്തിൽ കലക്കിയ ലായനി പുരട്ടുക. ഉണങ്ങിയതിനു ശേഷം ചെത്തിയ ഭാഗത്തു റബ്ബർ കോട്ട് പുരട്ടുക.<br><br>തടത്തിൽ തെങ്ങൊന്നിന് ഇരുപത്തിയഞ്ചു ലിറ്റർ വെള്ളത്തിൽ അമ്പതു മില്ലി ഹെക്സകോണോസോൾ കലർത്തി തടത്തിൽ കുതിർക്കുക. പൂർണമായി ഭേദമാകുന്നത് വരെ മാസാമാസം ഇത് ആവർത്തിക്കുക.<br><br>തെങ്ങിൻ തടത്തിൽ കട്ടിയിൽ കുമ്മായം വിതറി മണ്ണുമായി ചേർത്തിളക്കുക. |

| | | | |
|---|---|---|---|
| കുരുമുളക് | വിവിധ ഘട്ടം | സാവധാന വാട്ടം<br> | അസുഖം നിയന്ത്രിക്കുന്നതിനായി ചെടിയുടെ തടത്തിൽ കോപ്പർ ഓക്സി ക്ലോറൈഡ് 2ഗ്രാം/ലി എന്ന തോതിൽ തളിക്കുക. |
| വാഴ | വിവിധ ഘട്ടം | തടതുരപ്പൻ വണ്ട്<br> | കൃഷിയിടങ്ങളിൽ ശുചിത്വം പാലിക്കുക. അസുഖം ബാധിച്ച ചെടികൾ തീയിട്ടു നശിപ്പിക്കുക. ബ്യൂവേറിയ ബസിയാന എന്ന മിത്ര കുമിൾ 5 , 6 , 7 മാസങ്ങളിൽ ഒരു ലിറ്ററിന് 20 ഗ്രാം എന്ന തോതിൽ കലക്കി ഒഴിച്ച് കൊടുക്കുക |
| വെള്ളരിവർഗ വിളകൾ | വിവിധ ഘട്ടം | പൊടി പൂപ്പൽ രോഗം<br> | മുൻ കരുതലായി "മാങ്കോസെബ്" 2 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ തയ്യാറാക്കി ഇലകളുടെ ഇരു വശത്തും തളിക്കുക.<br>രോഗം കാണുകയാണെങ്കിൽ "ലൈറ സൾഫർ " 3 ഗ്രാം. ഒരു ലിറ്റർ വെള്ളത്തിൽ എന്ന അനുപാതത്തിൽ 10 ദിവസ ഇടവേളകളിൽ രണ്ടു തവണ തളിക്കുക..<br>രോഗബാധിത ഇലകൾ പറിച്ചെടുത്ത് തീയിട്ട് നശിപ്പിക്കുക. |
| ഇഞ്ചി | ഇഞ്ചി പ്രാരംഭ വളർച്ചാഘട്ടം | തണ്ടുതുരപ്പൻ<br> | ഏതെങ്കിലും വേപ്പധിഷ്ഠിത കീടനാശിനി 4 മില്ലി ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ തളിക്കുക അല്ലെങ്കിൽ<br>ഫ്ലൂബെൻഡയാമൈഡ് 2 മില്ലി 10 ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ ഒരാഴ്ച ഇടവേളയിൽ 2-3 തവണ തളിച്ചു കൊടുക്കുക. |
| മത്തൻ | കായിക വളർച്ചാ ഘട്ടം | മത്തൻ വണ്ട്<br> | മാലത്തിയോൺ 50 ECകീടനാശിനി മൂന്നു മില്ലി ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിലോ അല്ലെങ്കിൽ മാലത്തിയോൺ 50 EC രണ്ടു മില്ലി നാല് മില്ലി വേപ്പെണ്ണയോടൊപ്പം ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിലോ തയ്യാറാക്കിയ കീടനാശിനി തളിക്കുക.<br>മാലത്തിയോൺ 50 ECകീടനാശിനി മൂന്നു മില്ലി ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ കലർത്തി തയ്യാറാക്കിയ ലായനി മണ്ണിൽ കുതിർക്കുകയും ചെയ്യുക. കീടനാശിനി മണ്ണിൽ കുതിർക്കുന്നതിനു മുൻപേ വിളകൾക്ക് ജലസേചനം നൽകുക. തളിച്ചതിനു ശേഷം രണ്ടു ദിവസത്തേക്ക് ജലസേചനം ഒഴിവാക്കുക. |

| | | | |
|---|---|---|---|
| കറവ പശുക്കൾ | വിവിധ ഘട്ടം<br>, | ചർമ്മ മുഴ രോഗം<br> | കന്നുകാലികളെ ബാധിക്കുന്ന ഒരു വൈറൽ രോഗമാണ് ലംപി ത്വക്ക് രോഗം, ഇത് ചില രക്തം കുടിക്കുന്ന  പ്രാണികൾ വഴി പകരുന്നു. (ഈച്ച, കൊതുക്  ...) ഇത് പനിയും ചർമ്മത്തിൽ കുരുക്കളും ഉണ്ടാക്കുകയും മരണത്തിലേക്ക് നയിക്കുകയും ചെയ്യും.<br>**പ്രതിരോധം:** ഷെഡും പരിസരവും വൃത്തിയും ശുചിത്വവുമായി സൂക്ഷിക്കുക. കന്നുകാലികളുടെ സഞ്ചാരം നിയന്ത്രിക്കുകയും വെറ്റിനറി ഡോക്ടറുടെ നിർദേശപ്രകാരം പ്രതിരോധ കുത്തിവയ്പ്പ് നൽകുക. |

**മഴ അപായ വർണ്ണ സൂചന (ദുരന്തനിവാരണത്തിനായ്)

| | | | | |
|---|---|---|---|---|
| **താക്കീത്<br>(ഉടൻനടപടിയെടുക്കുക)** | **ജാഗ്രത<br>(തയ്യാറാവുക)** | | **ശ്രദ്ധ<br>(കാതോർക്കുക)** | **നിസ്സാരം<br>(നടപടികൾആവശ്യമില്ല)** |

ഒപ്പ്/-
നോഡൽ  ഓഫീസർ

ഗ്രാമീണകൃഷികാലാവസ്ഥസേവപദ്ധതി